(ബി) ആവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് കൊടുത്തിട്ടുണ്ട്.

സാന്ത്വന പദ്ധതി പ്രകാരം പമ്പ്സെറ്റുകൾ സ്ഥാപിക്കുന്നതിന് ഇലക്ട്രിക് കണക്ഷൻ കൊടുക്കുന്നതിൽ മുൻഗണന

1593. [2376] ശ്രീ. സിറിയക്ക് ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാന്ത്വന പദ്ധതിയിൽ ബാങ്കിൽ നിന്നു കടം വാങ്ങി പമ്പുസെറ്റുകൾ സ്ഥാപിച്ചിട്ടുള്ളവർക്ക് ഇലക്ട്രിക് കണക്ഷൻ കൊടുക്കുന്നതിൽ മുൻഗണനയുണ്ടോ ;

(ബി) മലപ്പുറം ജില്ലയിലെ അരീക്കോട് സെക്ഷനിലെ വാലില്ലാപുഴയിൽ പാറയ്ക്കൽ ജോസ് മുതൽ 6 ആളുകൾ സാന്ത്വന പദ്ധതിപ്രകാരം വാങ്ങിയ പമ്പ് സെറ്റുകൾക്ക് വൈദ്യുതി കണക്ഷൻ കൊടുക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇവർക്ക് 12-11-1986-ൽ വൈദ്യുതി കണക്ഷൻ നൽകി കഴിഞ്ഞു.

പഞ്ചായത്തിൽ തെരുവു വിളക്കുകൾ കത്തിക്കാൻ നടപടി

1594. [2378] ശ്രീ. ടി. വി. വിജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്തിൽ നിന്നും തെരുവു വിളക്കുകൾ ഇടണമെന്നുള്ള അപേക്ഷയ്ക്ക് മുൻഗണന നൽകാറുണ്ടോ ;

(ബി) എത്രകാലത്തിനകം അതനുസരിച്ചുള്ള നടപടി പൂർത്തിയാകും?

ഉത്തരം

(എ) ഉണ്ട്.

(ബി) അപേക്ഷകർ നടപടി ക്രമങ്ങൾ പൂർത്തീകരിക്കേണ്ടതുണ്ട്. നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് കഴിയുന്നത്ര വേഗത്തിൽ വിദ്യുച്ഛക്തി ബോർഡ് പണികൾ ഏറ്റെടുത്ത് നടത്തുകയാണ് പതിവ്.

ഒറ്റപ്പാലത്ത് 110 കെ. വി. സബ്സ്റ്റേഷൻ

1595. [2379] ശ്രീ. വി. സി. കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ ഒറ്റപ്പാലത്ത് 110 കെ. വി. സ്റ്റേഷൻ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഈ ആവശ്യത്തിന് എത്ര ഏക്കർ സ്ഥലം ഏറ്റെടുത്തിട്ടുണ്ട് ;

(സി) 1986-87-ൽ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് എത്ര ലക്ഷം രൂപ ചെലവഴിക്കാൻ ഉദ്ദേശിക്കുന്നുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) 3.46 ഏക്കർ.

LIBRARY ARCHIVES Kerala Legislative Assembly